# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## ആരും ഒറ്റയ്ക്ക് രക്ഷിക്കപ്പെടുന്നില്ല- പാപ്പാ



ബുധനാഴ്ചത്തെ പൊതുസന്ദർശനവേളയിൽ ഫ്രാൻസീസ് പാപ്പാ മാമ്മോദീസായെക്കു റിച്ചുള്ള തന്റെ സദുപദേശം തുടർന്നു."നമ്മൾ സ്വീകരിക്കുന്ന കൃപാവരം മിഷണറി ശിഷ്യന്മാരാകാനുള്ള കൃപയാണ്." പാപ്പാ പറഞ്ഞു.

"നമ്മൾ ഒരു സമൂഹമാണ്. അതിനാൽ തന്നെ വിശ്വാസത്തിലുള്ള നമ്മുടെ കൂട്ടായ്മ വെറുമൊരു ആഭരണമല്ല. മറിച്ച് അതൊരു സാക്ഷ്യവും സുവിശേഷപ്രഘോഷ ണത്തിനുള്ള മാധ്യമവുമാണ്." ജനുവരി 15-ലെ സംഭാഷണത്തിൽ അദ്ദേഹം പറഞ്ഞു.

"മാമ്മോദീസാ നമ്മെ സഭയിലെ മിഷണറിശിഷ്യന്മാരാക്കി മാറ്റുന്നു. ഒരു വശത്ത് നാം ശിഷ്യരായി തുടരുന്നു. ശിഷ്യരെന്ന രീതിയിൽ നാം സ്വീകരിക്കുകയും, പഠിക്കു കയും വളരുകയും ചെയ്യുന്നു. അതെ സമയം നമ്മൾ സ്വീകരിച്ചത് മറ്റുള്ളവർക്ക് പങ്കുവ യ്ക്കാനുള്ള മിഷൻ നാം ഏറ്റെടുക്കുകയും ചെയ്യുന്നു."

വിശ്വാസം കൈമാറാനുള്ള ക്രൈസ്തവദൗത്യത്തിന് അടിവരയിട്ടുകൊണ്ട് പാപ്പാ പറഞ്ഞു:"നമ്മളാരും ഒറ്റയ്ക്ക് രക്ഷിക്കപ്പെടുന്നില്ല. നമുക്ക് പോരായ്മകൾ ഉണ്ടെങ്കിൽ പോലും മാമ്മോദീസായിൽ സ്വീകരിച്ച കൃപ മറ്റുള്ളവരോടു പങ്കുവയ്ക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു." പ്രസംഗം സമാപിപ്പിച്ചുകൊണ്ട് പാപ്പാ പറഞ്ഞു: "നമ്മുടെ ജ്ഞാനസ്നാനത്തെ നമുക്ക് കൂടുതൽ ഗൗരവത്തോടെ പരിഗണിക്കാം. എങ്ങനെ? വാക്കിലും ജീവിതമാതൃകയിലും കൂടി ക്രിസ്തുവിന്റെ ശിഷ്യരും മിഷണറിമാരുമായി മാറിക്കൊണ്ട്."